ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.08.2024**

## പ്രധാനവാർത്തകൾ

1. കായികരംഗത്തേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി എല്ലാ പിന്തുണയും നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് തിരുവനന്തപുരത്ത് എത്തും.
3. വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഇന്ന് സർവകക്ഷിയോഗം.
4. ചലച്ചിത്ര മേഖലയിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ നടന്മാർക്കെതിരെ കേസെടുത്ത് പോലീസ്. ശക്തമായ നടപടി ആവശ്യപ്പെട്ട് പ്രതിപക്ഷ പ്രതിഷേധം.
5. വയനാട്ടിൽ ഒരാൾക്ക് കൂടി കോളറ സ്ഥിരീകരിച്ചു. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി ആരോഗ്യവകുപ്പ്.
6. പാരിസ് പാരാലിമ്പിക്സിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ താരങ്ങൾ ഇന്ന് മത്സരത്തിനിറങ്ങും.

RNU TVM

********************************************************************************

**കായികദിനം - പ്രധാനമന്ത്രി**

കായികരംഗത്തേക്ക് കൂടുതൽ യുവാക്കൾ കടന്നുവരുന്നുവെന്ന് ഉറപ്പാക്കാനും അവർക്ക് പിന്തുണ നൽകാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദേശീയ കായിക ദിനത്തിൽ ഹോക്കി ഇതിഹാസ താരം മേജർ ധ്യാൻചന്ദിന് ശ്രീ മോദി ആദരാഞ്ജലികൾ അർപ്പിച്ചു. കായികരംഗത്ത് അഭിനിവേശമുള്ളവരെയും രാജ്യത്തിനു വേണ്ടി മത്സരിച്ചവരെയും അഭിനന്ദിക്കാനുള്ള അവസരമാണിതെന്നും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

**************************************************************************

**കായികദിനം - (ഇൻട്രോ)**

ഇന്ന് ദേശീയ കായികദിനം. ഓരോ കായിക ദിനവും നമ്മെ ഓർമിപ്പിക്കുന്നത് വ്യായാമത്തിൻറെ പ്രാധാന്യത്തെകുറിച്ചാണ് . ഇത് നമ്മുടെ ശരീരത്തിൻറെ കായിക ക്ഷമതയും ആരോഗ്യവും വർധിപ്പിക്കുന്നു. ജീവിതത്തിൽ സ്പോർട്സിൻറെ പ്രാധാന്യത്തെകുറിച്ച് സംസ്ഥാന അമച്വർ കിക്ക്സ് ബോക്സിങ് അസോസിയേഷൻ ജനറൽ സെക്രട്ടറിയും ടെക്നിക്കൽ ചെയർമാനും അന്താരാഷ്ട്ര റഫറിയുമായ <u>ശ്രീ വിവേക് എ എസ്</u> ആകാശവാണിയോട്...

**(വോയിസ്...............)**

**************************************************************************

**രാജ് നാഥ് സിങ് - കേരളം**

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ഇന്ന് തിരുവനന്തപുരത്ത് എത്തും. വൈകുന്നേരം അഞ്ച് മണിക്ക് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന കേന്ദ്രമന്ത്രി നാളെ രാവിലെ 10 മണിക്ക് നഗരത്തിലെ സ്വകാര്യ ഹോട്ടലിൽ നടക്കുന്ന 'ചെയ്ഞ്ച് മേക്കേഴ്സ്' കോൺക്ലേവിൽ പങ്കെടുക്കും.

RNUTVPM

കേന്ദ്രമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് നഗരത്തിൽ ഉച്ചയ്ക്ക് 2 മണി മുതൽ 6.30 വരെയും നാളെ രാവിലെ 7.30 മുതൽ 11.30 വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

---

**<u>സർവകക്ഷിയോഗം - വയനാട്</u>**

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ ഇന്ന് സർവകക്ഷിയോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഓൺലൈനായി വൈകുന്നേരമാണ് യോഗം. സർവ്വകക്ഷിയോഗത്തിന് ശേഷം പുനഃരധിവാസ-പുനർനിർമ്മാണ പാക്കേജിന് അന്തിമരൂപമാകും.

---

**<u>ജയസൂര്യ- കേസ്</u>**

നടിയോട് ലൈംഗികാതിക്രമം കാട്ടിയെന്ന പരാതിയിൽ നടൻ ജയസൂര്യക്കെതിരെ  പൊലീസ് കേസെടുത്തു. തിരുവനന്തപുരം കൻറോൺമെൻറ് പൊലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് ജയസൂര്യയ്ക്ക്  എതിരെ കേസെടുത്തത്. സെക്രട്ടേറിയറ്റിലെ സിനിമ ചിത്രീകരണത്തിനിടെ ലൈംഗികമായി അതിക്രമം നടത്തിയെന്നാണ് പരാതി. കൊച്ചി സ്വദേശിയായ നടിയുടെ 7 പരാതികളിൽ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ കേസാണ് ഇത്.  നടിയുടെ മൊഴി ഇന്നലെ പ്രത്യേക  അന്വേഷണസംഘം രേഖപ്പെടുത്തിയിരുന്നു. അതേസമയം, നടനും എം.എൽ.എ യുമായ മുകേഷിനെതിരെയും ലൈംഗിക അതിക്രമ പരാതിയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

PNUTVPM

---

**ബിനോയ് വിശ്വം**

ഹേമ കമ്മറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് സി.പി.ഐ അടിയന്തിര എക്സിക്യൂട്ടീവ് യോഗത്തിന് ശേഷം തീരുമാനിക്കുമെന്ന് സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ഈ വിഷയത്തിൽ സർക്കാർ നടപടികൾ ശരിയായ ദിശയിലാണെന്നും അദ്ദേഹം പ്രതികരിച്ചു. ഇതേ ആരോപണങ്ങൾ മുൻപ് ചില കോൺഗ്രസ് എം എൽ എ മാർക്കെതിരെ ഉയർന്നപ്പോൾ രാജി ഉണ്ടായില്ലെന്ന് മുകേഷ് എം.എൽ.എ യുടെ രാജിയെ സംബന്ധിച്ച ചോദ്യത്തിന് ശ്രീ ബിനോയ് വിശ്വം മറുപടി നൽകി.

**************************************************************************************************************************************

**ഹേമ കമ്മിറ്റി – പ്രതിഷേധം**

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ അന്വേഷണം പ്രഖ്യാപിക്കുക , കുറ്റക്കാർക്കെതിരെ കേസ് എടുക്കുക, സർക്കാരിൻ്റെ സ്ത്രീവിരുദ്ധ നടപടികൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് K.P.C.C സംസ്ഥാന തലത്തിൽ നടത്തുന്ന പ്രതിഷേധത്തിൻ്റെ ഭാഗമായി കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രാവിലെ കണ്ണൂർ കളക്ടറേറ്റിന് മുന്നിൽ ജനകീയ പ്രതിഷേധ കൂട്ടായ്മ തുടങ്ങി. പ്രതിഷേധ കൂട്ടായ്മയുടെ സംസ്ഥാന തല ഉദ്ഘാടനം K.P.C.C പ്രസിഡൻറ് കെ സുധാകരൻ എം പി നിർവ്വഹിച്ചു. ഗതാഗത മന്ത്രി ഗണേഷ് കുമാറിന്റെ പങ്ക് അന്വേഷിക്കുക, സാംസ്കാരിക വകുപ്പ് മന്ത്രി രാജിവെക്കുക എന്നീ ആവശ്യങ്ങളും കോൺഗ്രസ് ഉന്നയിച്ചിട്ടുണ്ട്.

RNUTVPM

---

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

---

**<u>യു.പി.എസ്.സി -ആധാർ</u>**

U.P.S.C പരീക്ഷകളിൽ ആധാർ അധിഷ്ഠിത പരിശോധന ഏർപ്പെടുത്താൻ അനുവാദം നൽകി കേന്ദ്ര സർക്കാർ. രജിസ്ട്രേഷൻ സമയം മുതൽ പരീക്ഷയുടെ വിവിധ ഘട്ടങ്ങളിലും നിയമന സമയത്തും ആധാർ അധിഷ്ഠിത പരിശോധന നടത്താം എന്നും സർക്കാർ അറിയിച്ചു. സിവിൽ സർവീസ് പരീക്ഷയ്ക്കിടെ തിരിച്ചറിയൽ രേഖകളിൽ കൃത്രിമം കാണിച്ചെന്ന കണ്ടെത്തലിനെ തുടർന്ന് പൂജ ഖേഡ്കറുടെ ഐ.എ.എസ് പദവി റദ്ദാക്കുകയും പരീക്ഷകളിൽ നിന്നും ആജീവനാന്തം വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് നടപടി.

RNU TVPM

---

**<u>കോഴിക്കോട് - യോഗം</u>**

നിയമസഭ പരിസ്ഥിതി സമിതി കോഴിക്കോട് വിലങ്ങാട്ടെ ഉരുൾപൊട്ടൽ ബാധിത മേഖലയിൽ സന്ദർശനം തുടങ്ങി. ഉച്ചക്ക് രണ്ട് മണിക്ക് നാദാപുരം റസ്റ്റ് ഹൗസിൽ യോഗം ചേരും. ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച്, മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരശേഖരണം നടത്തും.

---

**<u>വയനാട് -കോളറ</u>**

വയനാട്ടിൽ നൂൽപ്പുഴയ്ക്ക് പുറമെ നെൻമേനിയിലും കോളറ സ്ഥിരീകരിച്ചു. ചീരാൽ മുരിക്കിലാടി ഊരിലെ യുവാവിനാണ് രോഗം സ്ഥിരീകരിച്ചത്. മറ്റൊരാൾ രോഗലക്ഷണങ്ങളോടെ

ചികിത്സയിലുണ്ട്. ഡി.എം.ഒ ഊര് സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി.

---

**<u>പാരാലിമ്പിക് ഗെയിംസ്</u>**

പാരിസ് പാരലിമ്പിക് ഗെയിംസിൽ ഇന്ന് ബാഡ്മിൻറൺ മിക്സഡ് ഡബിൾസ്, പുരുഷ- വനിതാ സിംഗിൾസ്, തായ്ക്വോണ്ടോ, സൈക്ലിങ്, അമ്പെയ്ത്ത് മത്സരങ്ങൾ നടക്കും. അമ്പെയ്ത്തിൽ വനിതകളുടെ ഇൻഡിവീജ്വൽ കോമ്പൗണ്ട് ഇനത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ ശീതൾ ദേവിയും സരിതാ കുമാരിയും മത്സരിക്കും. ഇതേ ഇനത്തിൽ പുരുഷന്മാരുടെ മത്സരത്തിൽ രാകേഷ് കുമാറും ശ്യാം സുന്ദർ സ്വാമിയും മത്സരിക്കും. റീകർവ്ഡ് ഇനത്തിൽ ഹർവീന്ദർ സിങ്ങും മത്സരിക്കുന്നുണ്ട്. തായ്ക്വോണ്ടോ വനിതകളുടെ
47 കിലോ വിഭാഗത്തിൽ അരുണ ഇന്ന് കളത്തിലിറങ്ങും. പാരലിമ്പിക്സിന്റെ 22 ഇനങ്ങളിൽ 12 ഇനങ്ങളിൽ ഇന്ത്യൻ സംഘം മത്സരിക്കും.

RNU TVPM

---

**<u>ക്യാൻസർ മരുന്നുകൾ</u>**

കേരളത്തിൽ കാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആൻറി കാൻസർ ഡ്രഗ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികൾ വഴി 247 ഇനം മരുന്നുകളാണ് ഇത്തരത്തിൽ ലഭ്യമാക്കുന്നത്.

---

## കേരള ഫുഡ് കോൺക്ലേവ്

'കേരള ഫുഡ് ടെക് കോൺക്ലേവ് 2024 സെപ്റ്റംബർ 2-ന് കൊച്ചിയിൽ സംഘടിപ്പിക്കുമെന്ന് മന്ത്രി പി രാജീവ്. ഫുഡ് ടെക്നോളജി വ്യവസായങ്ങളുടെ രംഗത്ത് രാജ്യത്ത് മുൻനിര സംസ്ഥാനങ്ങളിലൊന്നായ കേരളം ഈ മേഖലയിൽ രാജ്യത്തിൻ്റെ ഹബ്ബാകാനുള്ള ശ്രമത്തിലാണ്. ഫുഡ് പ്രൊസസിങ്ങ് മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതിനും ഈ മേഖലയിലെ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേക്കെത്തിക്കുന്നതിനും ഫുഡ്ടെക് കോൺക്ലേവിലൂടെ സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

************************************************************************************************

## കിറ്റ്സ് - അക്കാദമിക് ബ്ലോക്ക്

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ടൂറിസം മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൻറെ പുതിയ അക്കാദമിക് ബ്ലോക്കിൻറെ ഉദ്ഘാടനം മന്ത്രി പി.എ മുഹമ്മദ് റിയാസ് ഇന്ന് വൈകിട്ട് നിർവഹിക്കും. ആൻറണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കും. തൈക്കാട് കിറ്റ്സ് കോമ്പൗണ്ടിൽ നടക്കുന്ന ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ, ശശി തരൂർ എം.പി, കിറ്റ്സ് പ്രിൻസിപ്പൽ ഡോ.ബി. രാജേന്ദ്രൻ, എന്നിവർ സന്നിഹിതരാകും.

************************************************************************************************

## ഒക്കൽ ഫാം ഫെസ്റ്റ്

എറണാകുളം ജില്ലാ പഞ്ചായത്ത്,കൃഷി വകുപ്പിൻറെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഒക്കൽ ഫാം ഫെസ്റ്റ് ഇന്ന് മുതൽ 31 വരെ നടക്കും. ഫെസ്റ്റിൻറെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി പി. പ്രസാദ് വൈകിട്ട് നിർവഹിക്കും. ബെന്നി ബെഹനാൻ എം.പി മുഖ്യാതിഥിയാകും. രാവിലെ 9 മുതൽ

RNUTVPM

വൈകിട്ട് ഏഴ് വരെ കാർഷിക പ്രദർശനവും വിപണനവുമുണ്ടായിരിക്കും. ആധുനിക കൃഷി രീതിയുമായി ബന്ധപ്പെട്ട ഡോക്യുമെൻററികളും വീഡിയോ പ്രദർശനവും ഫെസ്റ്റിലുണ്ടാകും.

**************************************************************************************

## ക്ഷേമപെൻഷൻ

ക്ഷേമ പെൻഷൻ വിതരണം ഇന്നുമുതൽ. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ 62 ലക്ഷം പേർക്ക് മൂന്നു മാസത്തെ ക്ഷേമപെൻഷൻ വിതരണം ചെയ്യും. ഈയാഴ്ച ഒരു മാസത്തെ പെൻഷനും അടുത്തമാസം രണ്ട് മാസത്തെ പെൻഷനും നൽകാനാണ് സർക്കാർ ആലോചിക്കുന്നത്. ഇതോടെ ഓണത്തോടനുബന്ധിച്ച് ഒരാൾക്ക് 4,800 രൂപ വീതം ലഭിക്കും.

RNU TVPM

**************************************************************************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള 11 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള, കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**************************************************************************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 203 പോയിൻറ് ഉയർന്ന് 81,986- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 45 പോയിൻറ് ഉയർന്ന് 25,098 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല .സ്വർണം പവന് 53,720 രൂപയും ഗ്രാമിന് 6,715 രൂപയുമാണ് ഇന്നത്തെ വില.

*************************************************************************************************************************

<u>**പത്താംതരം തുല്യതാ പരീക്ഷ**</u>

ഒക്ടോബർ 21 മുതൽ 30 വരെ നടക്കുന്ന പത്താം തരം തുല്യതാ പരീക്ഷയ്ക്ക് അടുത്തമാസം 11 വരെ ഫീസടയ്ക്കാം .പിഴയോടു കൂടി 13-ാം തീയതിക്കകം ഉച്ചയ്ക്ക് 2 മുതൽ 5 വരെ അതത് പരീക്ഷാകേന്ദ്രങ്ങളിൽ ഫീസ് അടയ്ക്കാം.

*************************************************************************************************************************

*************************************************************************************************************************

*************************************************************

RNU TVPM